# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 934** **10.06.2019 ലെ മറുപടി**

## ആലത്തൂർ മണ്ഡലത്തിലെ ജലസേചന പദ്ധതികൾ

**ചോദ്യം**

**ശ്രീ.കെ.ഡി. പ്രസേനൻ :**

(എ) ആലത്തൂർ മണ്ഡലത്തിൽ 2018-19, 2019-20 വർഷങ്ങളിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും അല്ലാത്തതുമായ വിവിധ പദ്ധതികൾ (മേജർ &മൈനർ) എന്തെല്ലാമെന്ന് ഇനം തിരിച്ച് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതിയും പുരോഗതിയും വിശദമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) യും (ബി) യും

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

**2018-19 ലെ ഭരണാനുമതിലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.**

1. എരിമയൂർ പഞ്ചായത്തിൽ പുള്ളോട് എൽ.ഐ.എസ് കേടുപാടുകൾ തീർക്കൽ സിവിൽ പ്രവൃത്തിക്ക് Head of Account:- 4702-00-101-73 Plan ൽ 6,24,000/- രൂപയുടെ ഭരണാനുമതി നൽകി. പുനർ ദർഘാസ് ക്ഷണിച്ചിട്ടു ണ്ട്.

2. എരിമയൂർ പഞ്ചായത്തിൽ പുള്ളോട് എൽ.ഐ.എസ് കേടുപാടുകൾ തീർക്കൽ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് Head of Account:- 4702-00-101-89 MIRPA യിൽ 9,00,00/-രൂപയുടെ അനുമതി നൽകി. ടെ ണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

3. വ ണ്ടാഴി പഞ്ചായത്തിലെ പെതലകുളം പുനരുദ്ധരിക്കുന്നതിനായി എം.ഐ ക്ലാസ്-2 പദ്ധതിയിൽ (ഹരിതകേരളം) Head of Account:- 4702-00-101-65 MI Class II under Harithakeralam പദ്ധതിയിൽ 30,00,000/- രൂപയുടെ ഭരണാനുമതി നൽകി. ടെ ണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

4. വ ണ്ടാഴി പഞ്ചായത്തിലെ ചില്ലുപടിതോട് വെള്ളപ്പൊക്കത്തിൽ തകർന്ന കേടുപാടുകൾ തീർക്കുന്നതിനായി Head of Account:- 2702-01-800-94-00-34 V പദ്ധതിയിൽ പ്രൊജക്ട് മെയിന്റനൻസിൽ ഉൾപ്പെടുത്തി 13.08 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടു ണ്ട്. ഇതിന്റെ ടെ ണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.

5. വെള്ളപ്പൊക്കകെടുതിയിൽ ഉൾപ്പെടുത്തി കിഴക്കൻഞ്ചേരി പഞ്ചായത്തിലെ കോരൻചിറ തോടിന്റെ വശങ്ങൾ സംരക്ഷിക്കുന്നതിനായി Head of Account:- 2702- 03-101-98-03-00.V പദ്ധതിയിൽ 7,72,000/-രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെ ണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

6. മംഗലം പദ്ധതിയിൽ കാഡാ പ്രവൃത്തികൾക്കായി 130 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 100 ലക്ഷം രൂപയും ഗാർഡൻ മെയിന്റനൻസിന് 1 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

7. ചേരാമംഗലം സ്കീമിൽ കാഡാ പ്രവൃത്തികൾക്കായി 200 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ കനാൽ അറ്റകുറ്റപ്പണികൾക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

***2019-20 ലെ ശുപാർശ ചെയ്ത പ്രവർത്തികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.***

1. എം.ഐ ക്ലാസ്സ് 1 ൽ ഉൾപ്പെടുത്തി എരുമയൂർ പഞ്ചായത്തിലെ കുരുഡൻ തോടിനു കുറുകെമേലെ പുരയിൽ ഒരു വി.സി.ബി നിർമ്മിക്കുന്നതിനായി 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചവരുന്നു.

2. എം.ഐ ക്ലാസ് 2 പ്രവർത്തികളിൽ ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വണ്ടാഴി ഗ്രാമപഞ്ചായത്തിലെ പടുതലകുളം പുനരുദ്ധാരണത്തിനായി 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

3. റിനൊവേഷൻ ഓഫ് പോണ്ട്സ് & ടാങ്ക്സ് ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി എരിമയൂർ പഞ്ചായത്തിലെ ചാത്തൻകുളം മെച്ചപ്പെടുത്തുന്നതിനായി 12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

4. കുഴൽമന്ദം പഞ്ചായത്തിലെ പെരിയപാലംപള്ളി എന്ന സ്ഥലത്ത് പെരിയപാലം തോടിനു കുറുകെ വി.സി.ബി നിർമ്മാണം- 55.4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

**കൂടാതെ താഴെ പറയുന്ന പ്രവൃത്തികൾ നോൺ-പ്ലാൻ ഹെഡിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും അനുസരിച്ച് നടപ്പിലാക്കുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.**

1. കിഴക്കൻഞ്ചേരി ഗ്രാമപഞ്ചായത്തിൽ കോരൻചിറ തോടിന്റെ വശങ്ങളുടെ സംരക്ഷണം.
2. കുഴൽമന്ദം പഞ്ചായത്തിലെ ആലടികാട് പാക്കുളം തോടിനു കുറുകെ പുല്ലുപാറാടം എന്ന സ്ഥലത്തെ വി.സി.ബി നിർമ്മാണം.
3. തേൻകുറിശ്ശി പഞ്ചായത്തിലെ താനിക്കാട് എന്ന സ്ഥലത്തിലെ പാണ്ടിക്കോട്-താന്നികുളം തോടിനു കുറുകെ വി.സി.ബിയുടെ നിർമ്മാണം.

**2019-20 ഭരണാനുമതി ലഭിച്ച എസ്.ഡി.ആർ.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.**

1. മേലാർക്കോട് പഞ്ചായത്തിലെ അയിലൂർ പുഴയുടെ ബണ്ട് സംരക്ഷിക്കുന്നതിനായി രണ്ട് പ്രവൃത്തികൾക്കായി 4.8 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.
2. മേലാർക്കോട് പഞ്ചായത്തിലെ പഴമ്പനക്കാട് ചെക്ക് ഡാമിന്റെ മുകൾഭാഗത്തും താഴ്ഭാഗത്തുമായി അരിക് സംരക്ഷണത്തിനായി 2 പ്രവൃത്തികൾക്ക് ആകെ 4.5 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

**2019-20 -ൽ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം- I ന്റെ കീഴിൽ വരുന്ന പദ്ധതികൾ**

1) മംഗലം പദ്ധതിയിൽ കാഡാ പ്രവൃത്തികൾക്കായി 50 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷകത്തിൽ കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി 100 ലക്ഷം രൂപയും ഗാർഡൻ മെയിന്റനൻസിനായി 1 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

2) ചേരാമംഗലം സ്കീമിന്റെ നവീകരണ പ്രവൃത്തികൾക്കായി പ്ലാൻ ശീർഷകത്തിൽ 350 ലക്ഷം രൂപയും കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി നോൺപ്ലാൻ ശീർഷകത്തിൽ 20 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കാഡാ പ്രവൃത്തികൾക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. പ്രളയം മൂലം തകരാറിലായ കനാലുകളുടെ നവീകരണ പ്രവൃത്തികൾക്കായി സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും മംഗലം, ചേരാമംഗലം പദ്ധതികൾക്കായി 445 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

2019-20

കാഡാ പ്രവൃത്തികൾക്കുള്ള ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-1 സമർപ്പിച്ച DPR പരിശോധിച്ചുവരുന്നു.

ചേരാമംഗലം പദ്ധതിയുടെ നവീകരണ പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-1 കാര്യാലയത്തിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. SDRF ൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ദർഘാസ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ